11832
16/6/18

# കേരള സർക്കാർ

## സംഗ്രഹം

സൈനിക ക്ഷേമം വകുപ്പ്- സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ, ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഹെൻട്രി.കെ.ആന്റണിക്ക്, ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ള, കണ്ണൂർ ജില്ലാ സൈനിക ക്ഷേമ ഓഫീസിലേക്ക്, അന്തർ ജില്ലാ സ്ഥലംമാറ്റം നൽകി , ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമം വകുപ്പ്

**സ.ഉ.(കൈ)നം.04/2018/സൈ.ക്ഷേ.വ തിയതി, തിരുവനന്തപുരം:14.06.2018**

---

പരാമർശം:- 1. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 16.11.17, 06.01.2018 എന്നീ തീയതികളിലെ എ 2/5825/2015/DSW നമ്പർ കത്തുകൾ.

2. കണ്ണൂർ ജില്ലാ കളക്ടറുടെ 22.04.2018 ലെ DCKNR/3005/2018/A5 നമ്പർ കത്ത്.

## ഉത്തരവ്

1. ഒന്നാം പരാമർശം പ്രകാരം, സൈനികക്ഷേമ വകുപ്പ ഡയറക്ടറേറ്റിൽ, ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന, ശ്രീ.ഹെൻട്രി.കെ.ആന്റണിയുടെ, 13/11/2017 ലെ, അന്തർ ജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ, അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിനുള്ള, ശുപാർശ സഹിതം, സൈനികക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2. കണ്ണൂർ ജില്ലക്കാരനായ, ശ്രീ.ഹെൻട്രി.കെ.ആന്റണിയ്ക്ക്, ഇടുക്കി ജില്ലാ സൈനികക്ഷേമ ഓഫീസിൽ, അംഗപരിമിതർക്ക് നീക്കിവച്ചിരിക്കുന്ന ഒഴിവിലേക്ക്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശുപാർശ നൽകുകയും, സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ, 08.09.2016 മുതൽ, ക്ലാർക്ക് തസ്തികയിൽ, ടിയാൻ ജോലി ചെയ്തു വരികയുമാണെന്നും, സൈനിക സേവനത്തിലായിരിക്കുമ്പോൾ, ജമ്മുകാശ്മീരിൽ "ഓപ്പറേഷൻ രക്ഷക്"-മായി ബന്ധപ്പെട്ട് നിയോഗിക്കപ്പെടുകയും, മിലിട്ടന്റ് ആക്ഷനിൽ, വലതുകണ്ണിൽ പെർഫറേറ്റിംഗ് ഇൻജ്വറി നേരിടുകയും ചെയ്തിട്ടുണ്ടെന്ന് റെക്കോർഡ് ഓഫീസർ നൽകിയിട്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ നിന്ന് കാണുന്നു എന്നും, ഒന്നാം

പരാമർശം പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഹെൻട്ടി.കെ.ആന്റണി -ക്ക്, പ്രസ്തുത അത്യാഹിതം മൂലം സംഭവിച്ച, വികലാംഗത്വം, 40% സ്ഥിരമായ അന്ധതയാണെന്നതിന്, ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്.

3. ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ള, കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിലേക്ക്, ശ്രീ.ഹെൻട്ടി.കെ.ആന്റണി -ക്ക് സ്ഥലം മാറ്റം നൽകണമെന്ന്, ഒന്നാം പരാമർശം പ്രകാരം, സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ, ശുപാർശ ചെയ്യുകയുണ്ടായി.

4. സർക്കാർ, ഇക്കാര്യം ബന്ധപ്പെട്ട വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അന്തർ ജില്ലാ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട 02.12.1991 ലെ സ.ഉ(പി)36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയുടെ (i)-ാം ഉപഖണ്ഡിക പ്രകാരം, റിക്രൂട്ട്മെന്റ് ലഭിച്ച ജില്ലയിൽ, 5 വർഷത്തെ സേവനം പൂർത്തിയാക്കിയാൽ മാത്രമേ, അന്തർജില്ലാ സ്ഥലംമാറ്റം നൽകാനാവൂ. ഈ കേസിൽ, ശ്രീ.ഹെൻട്ടി.കെ.ആന്റണി, റിക്രൂട്ട്മെന്റ് ജില്ലയിൽ ജോലി ചെയ്തിട്ടില്ല. 08.09.2016 ൽ, ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോലിയിൽ പ്രവേശിച്ച ശേഷം, ഒരു വർഷവും, 8 മാസങ്ങളും മാത്രമേ പൂർത്തിയാക്കിയിട്ടുമുള്ളൂ. പ്രസ്തുത സർക്കാർ ഉത്തരവിലെ, 5-ാം ഖണ്ഡിക പ്രകാരം, സഹതാപാർഹമായ പരിഗണന ആവശ്യമുള്ള, അത്യപൂർവം കേസുകളിൽ, മന്ത്രിസഭയുടെ അംഗീകാരത്തോട് കൂടി, അന്തർജില്ലാ സ്ഥലം മാറ്റം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പ്രസ്തുത ഉത്തരവിലെ , 4 -ാം ഖണ്ഡികയുടെ (i)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥയ്ക്ക്, ഇളവ് നൽകൽ (റിലാക്സേഷൻ) ന്യായീകരിക്കുന്ന സാഹചര്യം, ഈ കേസിൽ, നിലവിലുണ്ടോ എന്ന് പരിശോധിക്കുന്നതിന് , കണ്ണൂർ ജില്ലാ കളക്ടറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

5. ശ്രീ.ഹെൻട്ടി.കെ.ആന്റണി, കണ്ണൂർ ജില്ലയിലെ, ഇരിട്ടി താലൂക്കിൽ, ആറളം വില്ലേജിൽ, സ്ഥിരതാമസക്കാരനാണ് എന്നും ; ബോംബ് സ്ഫോടനത്തിൽ,

ടിയാന്റെ വലതുകണ്ണിലെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടതാണെന്ന് അറിയുന്നുവെന്നും; 8 ഉം 10 ഉം വയസ്സുള്ള രണ്ട് ആൺകുട്ടികളും ഭാര്യയും ചേർന്നതാണ് കുടുംബം എന്നും; വർഷങ്ങൾക്കു മുൻപുണ്ടായ വാഹനാപകടത്തിൽ, ടിയാന്റെ ഭാര്യയുടെ രണ്ടു കാലുകൾക്കും ഗുരുതരമായ ക്ഷതം സംഭവിച്ചിട്ടുള്ളതാണെന്നും ; ഇപ്പോഴും ഇതു സംബന്ധിച്ച ശാരീരിക വിഷമം അനുഭവിക്കുന്നുണ്ടെന്നും ; രണ്ടാം പരാമർശം പ്രകാരം, കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ശ്രീ.ഹെൻട്രിയുടെ അഭാവം, കുടുംബത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നുള്ളതിനാൽ, ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

6. കണ്ണൂർ ജില്ലാ കളക്ടറുടെ, രണ്ടാം പരാമർശം പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഇക്കാര്യം മന്ത്രിസഭാ യോഗം പരിഗണിക്കുകയും, സഹതാപാർഹമായ സാഹചര്യം നിലവിലുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, ശ്രീ.ഹെൻട്രി.കെ.ആന്റണിക്ക്, അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 02.12.1991 ലെ സ.ഉ(പി) 36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയുടെ, (i)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം, അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഇളവു നൽകി, പ്രസ്തുത ഉത്തരവിലെ , 5-ാം ഖണ്ഡിക പ്രകാരം, ക്ലാർക്ക് തസ്തികയിൽ ഒഴിവ് നിലവിലുള്ള, കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിലേക്ക്, അന്തർജില്ലാ സ്ഥലം മാറ്റം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

7. ഈ സാഹചര്യത്തിൽ, സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ, ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഹെൻട്രി.കെ.ആന്റണിക്ക്, ക്ലാർക്ക് തസ്തികയിൽ ഒഴിവു നിലവിലുള്ള, കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിലേക്ക്, അന്തർജില്ലാ സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

8. പ്രസ്തുത അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ചിരിക്കുന്നത്, 02.12.1991 ലെ, സ.ഉ(പി) 36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയുടെ, (ii)-ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ**
**ഗവൺമെന്റ് സെക്രട്ടറി**

പകർപ്പ്-

1.. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കണ്ണൂർ.
3. ശ്രീ.ഹെൻട്രി. കെ.ആന്റണി , ക്ലാർക്ക് (ഡയറക്ടർ മുഖാന്തിരം)
4. ജില്ലാ സൈനിക്ഷേമ ഓഫീസർ, കണ്ണൂർ
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
7. പൊതുഭരണ (എസ്.സി ) വകുപ്പിന് ( 13.06.2018 ലെ ഇനം. നം. 2239 പ്രകാരം)
8. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (ക്യാബിനറ്റ് തീരുമാനം സഹിതം)
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

25

രഹസ്യം

57

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 13-06-2018

ഫയൽ നം.എസ്.ഡബ്ല്യൂ.2/117/2017/സൈ.ക്ഷേ.വ. ഇനം നം: 2239

വിഷയം : സൈനിക ക്ഷേമം വകുപ്പ് - സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ഹെൻട്രി കെ. ആന്റണിക്ക് കണ്ണൂർ ജില്ലയിലേക്ക് പ്രത്യേക കേസായി പരിഗണിച്ച് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Paul Antony

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, സൈനിക ക്ഷേമ വകുപ്പ്

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. ഫയൽ നമ്പർ | : | SW2/117/2017/സൈ.ക്ഷേ.വ |
| 2. വകുപ്പ് | : | സൈനിക ക്ഷേമം വകുപ്പ് |
| 3. വിഷയം | : | സൈനികക്ഷേമ വകുപ്പ ഡയറക്ടറേറ്റിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ഹെൻട്രി.കെ.ആന്റണിക്ക് കണ്ണൂർ ജില്ലയിലേക്ക് പ്രത്യേക കേസായി പരിഗണിച്ച് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.05.2018 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ ? | : | അല്ല |
| (ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല. |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ഡോ.ഒ.സെറീന |
| 8. കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുമന. എൻ. മേനോൻ.ഐ.എ.എസ് |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 30.05.2018 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.പോൾ ആന്റണി.ഐ.എ.എസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.06.2018 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 10.06.2018 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.06.2018 |
| 15. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഹെൻട്രി.കെ.ആന്റണി അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിന് സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ജില്ലക്കാരനായ, ശ്രീ.ഹെൻട്രി.കെ.ആന്റണിയ്ക്ക്, ഇടുക്കി ജില്ലാ സൈനികക്ഷേമ ഓഫീസിൽ അംഗപരിമിതർക്ക് നീക്കിവച്ചിരിക്കുന്ന ഒഴിവിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനശുപാർശ നൽകുകയും, സൈനികക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ഹെഡ്ക്വാർട്ടർ ഒഴിവിൽ, 08.09.2016 മുതൽ ക്ലാർക്ക് തസ്തികയിൽ ടിയാൻ ജോലി ചെയ്തു വരികയുമാണ്.

3. സൈനിക സേവനത്തിലായിരിക്കുമ്പോൾ, ജമ്മുകാശ്മീരിൽ "ഓപ്പറേഷൻ രക്ഷക്"- മായി ബന്ധപ്പെട്ട് നിയോഗിക്കപ്പെടുകയും മിലിട്ടന്റ് ആക്ഷനിൽ വലതുകണ്ണിൽ പെർഫറേറ്റിംഗ് ഇൻജ്വറി നേരിടുകയും ചെയ്തിട്ടുണ്ടെന്ന് റെക്കോർഡ് ഓഫീസർ നൽകിയിട്ടുള്ള ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ നിന്ന് കാണുന്നു. ടിയാൻ സ്വന്തം ജില്ലയായ കണ്ണൂരിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നതിനായി അപേക്ഷ നൽകുകയുണ്ടായി.

4. ശ്രീ.ഹെൻട്രി.കെ.ആന്റണി -ക്ക് സംഭവിച്ച പ്രസ്തുത വികലാംഗത്വം 40% സ്ഥിരമായ അന്ധതയാണെന്നതിന് ടിയാൻ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിലേക്ക് ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ സ്ഥലം മാറ്റം നൽകണമെന്ന് 16.11.2017 ലെ A2/5825/15/DSW നമ്പർ കത്ത് പ്രകാരം ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

5. 08.09.2016 ൽ സർവ്വീസിൽ പ്രവേശിച്ച അപേക്ഷകന്, കണ്ണൂർ ജില്ലയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നതാണ് ആവശ്യം. അന്തർ ജില്ലാ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട 02.12.1991 ലെ സ.ഉ(പി) 36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലെ 1-ാം ഉപഖണ്ഡിക പ്രകാരം, റിക്രൂട്ട്മെന്റ് ലഭിച്ച ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തിയാക്കിയാൽ മാത്രമേ അന്തർജില്ലാ സ്ഥലംമാറ്റം നൽകാനാവൂ. ഈ കേസിൽ ശ്രീ.ഹെൻട്രി.കെ.ആന്റണി റിക്രൂട്ട്മെന്റ് ജില്ലയിൽ ജോലി ചെയ്തിട്ടില്ല. 08.09.2016 ൽ ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ പ്രവേശിച്ച ശേഷം, 1 വർഷവും 8 മാസങ്ങളും മാത്രമേ പൂർത്തിയായിട്ടുള്ളൂ.

6. അന്തർ ജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 2.12.1991 ലെ സ.ഉ(പി) 36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ , 4 -ാം ഖണ്ഡികയിലെ 1-ാം ഉപഖണ്ഡിക പ്രകാരം ഈ കേസിൽ റിലാക്സേഷൻ ന്യായീകരിക്കുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് പരിശോധിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ശ്രീ.ഹെൻട്രി.കെ.ആന്റണി, കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ, ആറളം വില്ലേജിൽ, സ്ഥിരതാമസക്കാരനാണ് എന്നും ; ബോംബ് സ്ഫോടനത്തിൽ ടിയാന്റെ വലതുകണ്ണിലെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടതാണെന്ന് അറിയുന്നുവെന്നും 8 ഉം 10 ഉം വയസ്സുള്ള രണ്ട് ആൺകുട്ടികളും ഭാര്യയും ചേർന്നതാണ് കുടുംബം എന്നും കണ്ണൂർ ജില്ലാ കളക്ടർ 22.04.2018 ലെ DCKNR/3005/2018/A5-ാം നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വർഷങ്ങൾക്കു മുൻപുണ്ടായ വാഹനാപകടത്തിൽ, ടിയാന്റെ ഭാര്യയുടെ രണ്ടു കാലുകൾക്കും ഗുരുതരമായ ക്ഷതം സംഭവിച്ചിട്ടുള്ളതാണെന്നും, ഇപ്പോഴും ഇതു സംബന്ധിച്ച ശാരീരിക വിഷമം അനുഭവിക്കുന്നുണ്ടെന്നും കൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഹെൻട്രിയുടെ അഭാവം, കുടുംബത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നുള്ളതിനാൽ,

ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

7. കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിൽ, ക്ലാർക്ക് തസ്തികയിൽ രണ്ട് ഒഴിവുകൾ ഉള്ളതായി ജില്ലാ സൈനികക്ഷേമ വകുപ്പ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

8. ടിയാന്റെ രണ്ടു കുട്ടികളുടെയും ശാരീരിക അവശതകളുള്ള ഭാര്യയുടെയും സംരക്ഷണത്തിന് ടിയാന്റെ സാന്നിദ്ധ്യം പ്രസ്തുത കുടുംബത്തിന് അത്യന്താപേക്ഷിതമാണ്. ഈ സാഹചര്യത്തിൽ, അന്തർജില്ലാ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട 2.12.1991 ലെ സ.ഉ(പി)36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 5 വർഷം പൂർത്തിയായതിനു ശേഷം മാത്രമേ അന്തർജില്ലാ സ്ഥലം മാറ്റം നൽകാവൂ എന്നുള്ള 4-ാം ഖണ്ഡികയിലെ 1-ാം ഉപഖണ്ഡികയിലെ വ്യവസ്ഥയിൽ ഇളവനുവദിച്ച് പ്രസ്തുത സർക്കാർ ഉത്തരവിലെ 5-ാം ഖണ്ഡിക പ്രകാരം ; രാജ്യത്തിനു വേണ്ടി പോരാടിയ ധീര ജവാനെന്ന, പരിഗണന നൽകി ശ്രീ.ഹെൻടി.കെ.ആന്റണിക്ക്, കണ്ണൂർ ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതലുള്ള സീനിയോറിറ്റിയ്ക്ക് മാത്രമേ അർഹതയുണ്ടാകൂ എന്ന നിബന്ധനയിൽ, കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിൽ നിലവിലുള്ള ക്ലാർക്ക് തസ്തികയിലുള്ള ഒഴിവിലേക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിനായി മന്ത്രിസഭായോഗ തീരുമാനത്തിനായി സമർപ്പിക്കാമോ എന്ന് ഉത്തരവിനായി, ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ , മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന്, ബഹു.മുഖ്യമന്ത്രി 19.05.2018 ന് ഉത്തരവ് നൽകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

ഇടുക്കി ജില്ലാ സൈനികക്ഷേമ ഓഫീസിൽ , അംഗപരിമിതർക്കായുള്ള ഒഴിവിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനശുപാർശ ലഭിച്ച്, 8.9.16 മുതൽ ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചു വരുന്ന, സൈനിക സേവനത്തിനിടയിൽ മിലിറ്റന്റ് ആക്ഷനിൽ വലതു കണ്ണിന്റെ 40% സ്ഥിരമായ അന്ധത ബാധിച്ച വിമുക്തഭടൻ, ശ്രീ.ഹെൻട്രി.കെ.ആന്റണിക്ക്, അന്തർജില്ലാ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട 02.12.1991 ലെ സ.ഉ(പി) 36/91/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലെ 1-ാം ഉപഖണ്ഡികയിലെ വ്യവസ്ഥ പ്രകാരം, അഞ്ചു വർഷം സർവ്വീസ് പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഇളവനുവദിച്ച്, പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം കണ്ണൂർ ജില്ലാ സൈനികക്ഷേമ ഓഫീസിലെ, ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക്, അന്തർജില്ലാ സ്ഥലം മാറ്റം നൽകാവുന്നതാണോ ;